LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വികസന പദ്ധതിയിലെ റോഡുകൾ

62 [3588] *ശ്രീ. കെ. മോഹൻകുമാർ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വികസന പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കിയ റോഡുകൾ ഏതെല്ലാമാണ് എന്നറിയിക്കുമോ;

(ബി) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ എതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ വികസന പദ്ധതിയോടനുബന്ധിച്ച് ഡിവിയേഷൻ റോഡ് പദ്ധതിയിൽ ഉൾപ്പെട്ട അമ്പലമുക്ക്-പരുത്തിപ്പാറ, പൊതുജനം മെഡിക്കൽ കോളേജ്, മരുതംകുഴി-പള്ളിമുക്ക് (തിരുമല) എന്നിവയുടെ നിർവ്വഹണം എത്രയും വേഗം പൂർത്തിയാക്കാൻ നിർദ്ദേശിക്കുമോ;

(ഡി) K. S. T. P.-യിൽ ഉൾപ്പെടുത്തിയ മരുതംകുഴി വട്ടിയൂർക്കാവ് റോഡ്, ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ടുവോ;

(ഇ) എങ്കിൽ ഒഴിവാക്കപ്പെട്ടതിന്റെ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) മരുതംകുഴി-വട്ടിയൂർക്കാവ്-അരുവിക്കര റോഡ്, കുണ്ടമൺകടവ്-വട്ടിയൂർക്കാവ്, കുലശേഖരം-വട്ടിയൂർക്കാവ്, വലിയവിള-വട്ടിയൂർക്കാവ് എന്നീ റോഡുകൾ തദ്ദേശസ്വയംഭരണ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കണമെന്ന സാമാജികൻ എം. എൽ. എ. യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ജി) ഈ നിവേദനത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു റോഡും പൂർത്തിയായിട്ടില്ല.

(ബി)

(1) പാളയം-എയർപോർട്ട് റോഡ്

(2) കുമാരപുരം-വെൺപാലവട്ടം റോഡ്

(3) പാളയം-ബേക്കറി-പനവിള റോഡ്

(4) ഈഞ്ചക്കൽ-തകരപ്പറമ്പ് റോഡ്

(സി) ഡിവിയേഷൻ റോഡിൽ ഉൾപ്പെട്ടിട്ടുള്ള മെഡിക്കൽകോളേജ്-കുമാരപുരം റോഡ്, മരുതംകുഴി-പള്ളിമുക്ക് റോഡ് എന്നിവയുടെ പണികൾ എത്രയും വേഗം പൂർത്തിയാക്കുന്നതാണ്. അമ്പലമുക്ക്-പരുത്തിപ്പാറ റോഡിന്റെ നിലവിലുള്ള സ്ഥിതി വളരെ മോശമായതിനാൽ ഉപരിതലപുതുക്കൽ കൊണ്ട്

പ്രയോജനം കിട്ടില്ല എന്നതുകൊണ്ട് LBS വഴി ഒരു വിശദമായ പഠനം നടത്തുകയും അവരുടെ റിപ്പോർട്ടിൻപ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുകയുമാണ്. ഈ എസ്റ്റിമേറ്റിൻപ്രകാരമുള്ള അടങ്കൽ തുകയ്ക്കുള്ള ഭരണാനുമതി തലസ്ഥാന വികസന പദ്ധതിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഈ പണി ചെയ്യുന്നതാണ്.

(ഡി) & (ഇ) മരുതംകുഴി-വട്ടിയൂർക്കാവ് റോഡ് തലസ്ഥാന മേഖലാ വികസന പരിപാടിയിൽ ഇതുവരെ പെടുത്തിയിട്ടില്ല.

(എഫ്) ഉണ്ട്. തലസ്ഥാന മേഖലാ വികസന പദ്ധതിക്കുള്ള Empowered കമ്മിറ്റിയിൽ MLA യുടെ നിവേദനം സമർപ്പിക്കുന്നതാണ്.

(ജി) മേൽപ്പറഞ്ഞ കമ്മിറ്റിയാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത്.

പി. ഡബ്ലിയു. ഡി. യുടെ കെട്ടിട നിർമ്മാണം

63 [3589] *പ്രൊഫ. എ. ഡി. മുസ്തഫ:*

ശ്രീ. കെ. അച്ചുതൻ:

,, *വി. ഡി. സതീശൻ:*

,, *എ. സുജനപാൽ:*

,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മുതൽ ഇതുവരെ എത്ര കെട്ടിടങ്ങളുടെ പണിയാരംഭിച്ചു;

(ബി) ഇതിൽ എത്രയെണ്ണത്തിന്റെ പണിപൂർത്തിയായി;

(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ആദ്യ നൂറു ദിവസത്തെ പ്രവർത്തനങ്ങളിൽ പി. ഡബ്ലിയു. ഡി. വിഭാഗത്തിൽ എത്ര കെട്ടിടങ്ങളുടെ പണി ആരംഭിക്കുവാനും ആരംഭിച്ച എത്രയെണ്ണത്തിന്റെ പണിപൂർത്തിയാക്കുവാനുമാണ് ഉദ്ദേശിച്ചിരുന്നത്;

(ഡി) അതിൽ എത്രയെണ്ണത്തിന്റെ പണിയാരംഭിച്ചു;

(ഇ) ഇവയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാനാണുദ്ദേശിക്കുന്നത്?

ഉത്തരം

(എ) 137 എണ്ണം

(ബി) 59 എണ്ണം

(സി) 30 എണ്ണം

(ഡി) 18 എണ്ണം

GPM. 2/255/2012—14

LIBRARY ARCHIVES Kerala Legislative Assembly